(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടത്തിപ്പിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഉണ്ട്.

(ബി) സംസ്ഥാന-ജില്ലാ-പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ സഹകരണസംഘം രജിസ്ട്രാറുടെ 27-9-2001 തീയതിയിലെ 35/01-ാം നമ്പർ സർക്കുലർ പ്രകാരം 31-3-2001-വരെ കുടിശ്ശികയായ വായ്പകൾ 31-3-2002-നുള്ളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാൻ അനുമതി നൽകിയിരുന്നു. നബാർഡിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ 31-3-2000-ൽ എൻ. പി. എ. ആയ (മൂന്നു വർഷത്തിലധികം കുടിശ്ശികയുള്ള) വായ്പകൾക്കും, റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം അർബൻ സഹകരണ ബാങ്കുകളിൽ 31-3-2001-വരെ കുടിശ്ശികയുള്ള വായ്പകൾക്കും, പിന്നീട് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ 31-3-2002 വരെ കുടിശ്ശികയായ വായ്പകൾക്കും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. ഈ പദ്ധതി പ്രകാരം 677 കോടി രൂപ സംഘങ്ങൾക്ക് പിരിഞ്ഞു കിട്ടിയിട്ടുണ്ട്. പലിശ കുറയ്ക്കുകയും പിഴപ്പലിശ ഒഴിവാക്കുകയും ചെയ്തതുവഴി 3.70 ലക്ഷം പേർക്ക് 56 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹകരണ വകുപ്പ് എല്ലാ സഹായങ്ങളും പ്രോത്സാഹനവും നൽകുന്നുണ്ട്.

നിർമ്മാണത്തൊഴിലാളി സെസ്സ്

*11 [101] ശ്രീ. എം. പി. ഗംഗാധരൻ:
,, എ. പി. അനിൽകുമാർ:
,, ഡി. സുഗതൻ:
,, പി. ടി. തോമസ്:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തു തുകവരെ ചെലവുവരുന്ന വർക്കുകളെയാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സെസ്സിന് കുടിശ്ശിക എന്തെങ്കിലും വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒട്ടാകെ എന്തു തുക കുടിശ്ശികയായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം കുടിശ്ശിക ഉണ്ടാകാനുള്ള കാരണമെന്താണെന്നും പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) സ്വന്തമായുള്ള ഗാർഹിക ആവശ്യത്തിനുവേണ്ടി 10 ലക്ഷം രൂപയ്ക്ക് താഴെ ചിലവ് വരുന്ന നിർമ്മാണ പ്രവർത്തനങ്ങളെയാണ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ബി) കുടിശ്ശിക വന്നിട്ടുണ്ട്. എന്നാൽ കുടിശ്ശിക സംബന്ധിച്ച വ്യക്തമായ കണക്ക് ഇപ്പോൾ ലഭ്യമല്ല. വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് ഉടമയ്ക്ക് നോട്ടീസ് അയച്ച് സെസ്സ് തുക പിരിച്ചെടുക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ജില്ലാതല ത്തിൽ തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I തസ്തികയി ലുള്ള ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല. സെസ്സ് അസസ്സ്മെന്റിന്മേൽ അപ്പീലുകളും കോടതി കേസുകളും തുടർന്ന് സ്റ്റേ ഉത്തരവുകളും ഉണ്ടാകുന്നതിനാൽ സെസ്സ് പിരിവ് കുടിശ്ശികയാവുന്നു. തൊഴിൽ വകുപ്പിലെ അഗ്രിക്കൾച്ചറൽ ലേബർ ഇൻസ്പെക്ടർ തസ്തികയിലെ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി സെസ്സ് പിരിവ് സംബന്ധിച്ച ജോലികൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങളുടെ കാരണത്തെക്കുറിച്ചുള്ള നാറ്റ്പാക്കിന്റെ പഠന റിപ്പോർട്ട്

*12 [102] ശ്രീ. സ്റ്റീഫൻ ജോർജ്:

,, തോമസ് ഉണ്ണിയാടൻ:

,, ജോസഫ് എം. പുതുശ്ശേരി:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ റോഡപകടങ്ങൾക്ക് പ്രധാന കാരണം ഡ്രൈവിംഗിലെ പാളിച്ചകളാണെന്ന് നാറ്റ്പാക്കിന്റെ പഠനം തെളിയിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly